## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 370 — 17.10.2011-ൽ മറുപടിക്ക്

### ജലഗതാഗത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.പി.റ്റി.എ. റഹീം | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡ് ഗതാഗതം വാഹനപ്പെരുപ്പംമൂലം ബുദ്ധിമുട്ടുള്ളതായി മാറിയ സാഹചര്യത്തിൽ ജലഗതാഗതം ആധുനിക രീതിയിൽ പുന:സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന ജലഗതാഗതവകുപ്പ് ജലഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിലെ ആറ് ജില്ലകളിലായി 50 ബോട്ട് സർവ്വീസുകൾ നടത്തി വരുന്നു. ടി സർവ്വീസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>ആലപ്പുഴ - 28<br>എറണാകുളം - 8<br>കോട്ടയം - 7<br>കണ്ണൂർ - 1<br>കാസർഗോഡ് / കണ്ണൂർ - 2<br>കൊല്ലം - 4<br>----------<br>ആകെ - 50<br>മുകളിൽ പറഞ്ഞ 50 സർവ്വീസുകളിലായി ഏതാണ്ട് 52,000 പേർക്ക് പ്രതിദിനം യാത്രാസൗകര്യം നൽകിക്കൊണ്ട് റോഡുകളിലെ ഗതാഗത തിരക്ക് ഒരു പരിധിവരെ കുറയ്ക്കുന്നതിന് സാധിക്കുന്നുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിയ പഠനത്തിൽ വിവിധ ജില്ലകളിലായി കൂടുതൽ |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടത്തക്കവിധത്തിൽ കൂടുതൽ സ്റ്റേഷനുകളും സർവ്വീസുകളും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | &<br>(സി) | മായി ബന്ധപ്പെട്ട് സംസ്ഥാന ജലതാഗതാഗതവകുപ്പ് നടത്തിയ പഠനത്തിൽ വിവിധ ജില്ലകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആറ് പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കഠിനംകുളം കായൽ സർവ്വീസ്, എറണാകുളം ജില്ലയിൽ തേവര - കാക്കനാട് ഫെറി. തോപ്പുംപടി- ഹൈക്കോർട്ട് സർവ്വീസ്. എറണാകുളം - വരാപ്പുഴ. എറണാകുളം- ഫോർട്ട് കൊച്ചി. കണ്ണൂർ ജില്ലയിൽ പറശ്ശനിക്കടവ് -പഴയങ്ങാടി സർവ്വീസ്, കൊല്ലം ജില്ലയിൽ കൊല്ലം-പ്ലാവറ, മൺട്രോത്തുരുത്ത് സർവ്വീസ്, കോട്ടയം ജില്ലയിൽ കോട്ടയം - ആലപ്പുഴ സൂപ്പർ എക്സ്പ്രസ് സർവ്വീസ് തുടങ്ങിയ സർവ്വീസുകൾ വകുപ്പിന്റെ പരിഗണനയിൽ ഉണ്ട്. |
| (സി) | വിവിധ ജലമാർഗ്ഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ജലഗതാഗത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ